*Celebrating Extraordinary Missionary Month October 2019…*

# Monday, 14 October 2019

Mt 18:10-14 (നഷ്ടപ്പെട്ടുപോയ ആട്)

Fr. Antony Elamthottam CMI

നഷ്ടപ്പെട്ടുപോയ ആടിന്റെ ഉപമയിലൂടെ ദൈവത്തിനു പാപികളോടുള്ള സ്നേഹവും, കാരുണ്യവും എത്ര വലുതാണ് എന്ന് നമ്മെ അനുസ്മരിപ്പിക്കുകയാണ് ചെയ്യുന്നത്. സുവിശേഷങ്ങളിൽ കാണുന്ന നഷ്ടപ്പെട്ട ആട് (Mt 18:10-14; Lk 15:4), നഷ്ടപ്പെട്ട നാണയം (Lk 15:9), നഷ്ടപ്പെട്ട മകൻ (Lk 15:24), നഷ്ടപ്പെട്ട സഹോദരൻ (Lk 15:32) തുടങ്ങിയ നഷ്ടപ്പെടലുകളെല്ലാം ചെന്നവസാനിക്കുന്നത് ദൈവത്തിന്റെ അനന്തകാരുണ്യത്തിലാണ്. ഈ അനന്തകാരുണ്യം ഒരു തിരിച്ചറിവിന് നമ്മെ സഹായിക്കുന്നു. അത് സാധ്യമാവേണ്ടത് പശ്ചാത്താപത്തിന്റെയും അതിന്റെ ഫലമായി ഉണ്ടാവുന്ന മനസാന്തരത്തിലൂടെയുമാണ്. സുവിശേഷങ്ങൾ നൽകുന്നത് നഷ്ടപ്പെട്ടത് കണ്ടെത്തുമ്പോൾ വലിയ ആനന്ദമാണ് ലഭിക്കുന്നത് എന്ന സാക്ഷ്യമാണ്. ഈ ആനന്ദം അനുഭവവേദ്യമാകണമെങ്കിൽ മനസ്സുമാറാൻ തയ്യാറാവണം. മനസ്സ് മാറണമെങ്കിൽ നഷ്ടപ്പെട്ടു പോയ ദൈവമനുഷ്യബന്ധം തിരിച്ചറിയാനാകണം. അത് തിരിച്ചറിയുവാനുള്ള പ്രേരണയാണ് പശ്ചാത്താപം; ആ തിരിച്ചറിവിൽ തിരിഞ്ഞു നടക്കുന്നതാണ് മാനസാന്തരം. നഷ്ടപ്പെടാനുള്ള കാരണവും, സാഹചര്യവും തിരിച്ചറിയുമ്പോഴാണ് തിരുത്തുവാനും, തിരിഞ്ഞുനടക്കാനും ഇടയാകുക. അത് ചെന്നവസാനിക്കുന്നത് മനസാന്തരത്തിലാണ്. അതിന്റെ ഫലമായി ഉണ്ടാകുന്നതും, ഉണ്ടാകേണ്ടതുമാണ് ആനന്ദം. നഷ്ടപ്പെട്ട് പോയതിനെ കണ്ടെത്തിക്കഴിയുമ്പോൾ ''വഴിതെറ്റിപോകാത്ത തൊണ്ണൂറ്റൊമ്പതിനേക്കാൾ അവൻ സന്തോഷിക്കുമെന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു'' (Mt 18:13). ഈ തിരിച്ചുവരവിന്റെ ആനന്ദമാണ് തിരിച്ചുവരുമ്പോൾ അനുഭവവേദ്യമാകേണ്ടത്.

ഈ ആനന്ദത്തിലേക്ക് തിരിച്ചുവരുവാനുള്ള പരിശ്രമത്തിൽ മണ്ടത്തരമില്ലേ എന്ന് നമുക്കു തോന്നാം. കാരണം നഷ്ടപ്പെട്ടുപോയ ഒന്നിനെ കണ്ടെത്താൻ വേണ്ടി തൊണ്ണൂറ്റിയൊൻപതിനേയും വഴിയിൽ വിട്ടിട്ട് തിരിച്ചുവരുമ്പോൾ കയ്യിലുള്ളതും പോയി നഷ്ടപ്പെട്ടതും പോയി എന്ന അവസ്ഥ. അതുകൊണ്ട് നഷ്ടപ്പെട്ടുപോയത് പോകട്ടെ ബാക്കി തൊണ്ണൂറ്റിയൊൻപതെണ്ണം കൈയ്യിലുണ്ടല്ലോ എന്ന് ചിന്തിക്കുന്നതല്ലേ വിവേകം എന്ന തോന്നൽ. അപ്പോൾ ചില വെല്ലുവിളികളും സാഹസികതയും നാം ഏറ്റെടുക്കേണ്ടതായി വരും. അതിന് തയ്യാറാകുന്നവർക്കാണ് തിരിച്ചുവരവിന്റെ ആനന്ദം അനുഭവിക്കാൻ കഴിയുക. വചനം നമ്മോട് പറയുന്നു; ''ദൈവത്തിന്റെ ഭോഷത്തം മനുഷ്യന്റെ ജ്ഞാനത്തെക്കാൾ ശ്രേഷ്ഠമാണ്. ദൈവത്തിന്റെ ബലഹീനത മനുഷ്യനെക്കാൾ ശക്തമാണ്'' (1 Cor 1:18-25) ദൈവത്തിന്റെ ഈ ഭോഷത്തമാണ് അവിടുത്തെ അനന്തകാരുണ്യം. അതിൽ ബലഹീനതയുണ്ട്, വെല്ലുവിളികളുണ്ട്. അവ ഏറ്റെടുക്കാൻ തയ്യാറാകുന്നവർക്കുള്ളതാണ് ദൈവം നല്കുന്ന ആനന്ദത്തിലുള്ള പങ്കുചേരൽ. അതിനു തയ്യാറാണെങ്കിൽ കണ്ടെത്തുന്നതുവരെ തിരയുവാനുള്ള ക്ഷമയും, അന്വേഷണത്തിലുണ്ടാകുന്ന സാഹസികതയും വെല്ലുവിളികളും ഏറ്റെടുക്കുവാന് തയ്യാറാകണം.

*Published by*

CMI General Department of Evangelization and Pastoral Ministry